# കേരള സർവകലാശാല

നം.പി.ആർ.227/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പരീക്ഷ മാറ്റി

2018 ഒക്ടോബർ 17 ന് നടത്താനിരുന്ന സർവകലാശാലയിലേയും (സി.എസ്.എസ്) യൂണിവേഴ്സിറ്റി കോളേജിലേയും ഒന്നാം സെമസ്റ്റർ എം. ഫിൽ സപ്ലിമെന്ററി പരീക്ഷയും ഫ്യൂച്ചർ സ്റ്റഡീസ്, ഒപ്റ്റോ–ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ സയൻസ് എന്നീ പഠനവകുപ്പുകളിലെ രണ്ടാം സെമസ്റ്റർ എം. ടെക്. പരീക്ഷയും ഒക്ടോബർ 25 ന് നടത്തുന്നതാണ്.

2018 ഒക്ടോബർ 22 മുതൽ ആരംഭിക്കാനിരുന്ന ബി.എ ആന്വൽ ബിരുദ സപ്ലിമെന്ററി പാർട്ട് മൂന്ന് – മെയിനും സബ്സിഡിയറി വിഷയങ്ങളുടെ പരീക്ഷകളും ബി.എ അഫ്സൽ ഉൽ – ഉലമ പരീക്ഷകളും ഒക്ടോബർ 30 ലേക്ക് മാറ്റിയിരിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

2018 ഫെബ്രുവരിയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയുടെ (ബി.എച്ച്.എം) (2014 – സ്കീം റെഗുലർ & സപ്ലിമെന്ററി, 2011 – സ്കീം – സപ്ലിമെന്ററി & 2006 സ്കീം – മേഴ്സി ചാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കാനുള്ള അവസാന തീയതി നവംബർ 7. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 മേയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ സംസ്കൃതം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, എം.എ തമിഴ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, എം.എ ഹിന്ദി ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, എം.എ മാസ് കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം, എം.എ ഇസ്ലാമിക് ഹിസ്റ്ററി, എം.എ മ്യൂസിക്, എം.എ മ്യൂസിക് (വയലിൻ), എം.എ ഡാൻസ് (കേരള നടനം), എം.എ പബ്ലിക് അഡ്മിനിസ്ട്രേഷൻ, എം.എസ്.സി എൻവിയോൺമെന്റൽ സയൻസ്, എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ്, എം.എസ്.സി പോളിമർ കെമിസ്ട്രി എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 ജൂണിൽ നടന്ന ഒന്നും രണ്ടും മൂന്നും വർഷ ബി.കോം (ത്രീമെയിൻ) കംപ്യൂട്ടർ ആപ്ലിക്കേഷൻ സപ്ലിമെന്ററി പരീക്ഷാഫലം വെബ്സൈറ്റിൽ.

### പി.ജി പ്രവേശനം 2018

സ്പോട്ട് അഡ്മിഷനിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് ഒക്ടോബർ 23 വരെ വിവിധ കോളേജുകളിൽ പ്രവേശനം നേടാവുന്നതാണ്. കാര്യവട്ടം ഗവ.കോളേജിൽ എം.എസ്.സി മാത്തമാറ്റിക്സിന് ഒക്ടോബർ 17 ന് നടത്താനിരുന്ന സ്പോട്ട് അഡ്മിഷൻ ഒക്ടോബർ 22 ന് രാവിലെ 10 മണിക്ക് നടത്തുന്നതാണ്.

## ടൈംടേബിൾ

ഒക്ടോബർ 30 ന് ആരംഭിക്കുന്ന ഏഴാം സെമസ്റ്റർ ബി.ടെക് ഒക്ടോബർ/നവംബർ 2018 ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി 2013 സ്കീം പരീക്ഷാ ടൈംടേബിൾ വെബ്സൈറ്റിൽ.

2018 സെപ്റ്റംബർ – ഒക്ടോബർ മാസങ്ങളിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ ഇക്കണോമിക്സ്/ബിസിനസ് ഇക്കണോമിക്സ് പരീക്ഷകളുടെ വൈവ പരീക്ഷ ഒക്ടോബർ 22 മുതൽ 29 വരെ എസ്.എൻ കോളേജ് കൊല്ലം, എസ്.ഡി കോളേജ് ആലപ്പുഴ, ഗവ.വനിതാ കോളേജ് തിരുവനന്തപുരം, ഗവ.ആർട്സ് കോളേജ് തിരുവനന്തപുരം എന്നീ നാല് സെന്ററുകളിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2018 ഒക്ടോബർ മാസത്തിൽ നടക്കുന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി ഹോം സയൻസ് (ന്യൂട്രീഷ്യൻ & ഡയറ്ററ്റിക്സ്) പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 22 നും വൈവ ഒക്ടോബർ 26 നും സെന്റ് ജോസഫ്സ് കോളേജ് ഫോർ വിമൻ ആലപ്പുഴ സെന്ററിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ പരീക്ഷ

ആറാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) ജൂലൈ/ആഗസ്റ്റ് 2018 (സപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷകൾ കംപ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് ബ്രാഞ്ച് 2018 ഒക്ടോബർ 22, 23 തീയതികളിൽ കോളേജ് ഓഫ് എൻഞ്ചിനീയറിംഗ്, തിരുവനന്തപുരത്തും ടി.കെ.എം കോളേജ് ഓഫ് എൻജിനീയറിംഗ്, കൊല്ലത്തും നടത്തുന്നതാണ്.

ഇൻഫർമേഷൻ ടെക്നോളജി ബ്രാഞ്ച് പ്രാക്ടിക്കൽ പരീക്ഷകൾ 2018 ഒക്ടോബർ 23, 25 തീയതികളിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് ബാർട്ടൺഹില്ലിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾക്ക് വിദ്യാർത്ഥികൾ അതതു കോളേജുകളുമായി ബന്ധപ്പെടേണ്ടതാണ്.

## നാഷണൽ കോൺഫറൻസ്

ഒക്ടോബർ 16, 17 തീയതികളിൽ അറബിക് വിഭാഗം 'ഫലസ്തീനിലെ അറബിക് സാഹിത്യം' എന്ന വിഷയത്തെ അധികരിച്ച് ദ്വിദിന നാഷണൽ കോൺഫറൻസ് നടത്തിവരുന്നു. കോൺഫറസിന്റെ ഉദ്ഘാടനം കാലിക്കറ്റ് സർവകലാശാലയുടെ ലക്ഷദ്വീപ് ഹയർ എഡ്യൂക്കേഷൻ വിഭാഗം ഡീനും 2018 ലെ രാഷ്ട്രപതിയുടെ അവാർഡ് ജേതാവുമായ പ്രൊഫ.എൻ.എ.എം അബ്ദുൾ ഖാദർ നിർവ്വഹിച്ചു. പ്രൊഫ.അച്യുത് ശങ്കർ, കടക്കൽ അഷ്റഫ്, ഡോ.താജുദ്ദീൻ മന്നാനി, ഡോ.മുഹമ്മദ് ഷാഫി, നൗഷാദ് വാളാട് എന്നിവർ വിവിധ സെഷനുകളിലായി പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

തിരുവനന്തപുരം.
16.10.2018

പബ്ലിക് റിലേഷൻസ് ഓഫീസർ